പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1277 — 13/12/2012 ൽ മറുപടിയ്ക്ക്

## താലൂക്ക് ഓഫീസിലെ സർവ്വേ വിഭാഗത്തിൽ നേരിടുന്ന കാലതാമസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തം ഭൂമിയുടെ അളവും അതിരുകളും പുനർനിർണ്ണയിക്കുന്നതിനും അതിർത്തി തർക്കങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി താലൂക്ക് ഓഫീസിലെ സർവ്വേ വിഭാഗത്തിൽ അപേക്ഷ നൽകിയും പണമടച്ചും കാത്തിരിക്കുന്ന നിരവധി കേസുകൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്കെച്ചുകൾ ലഭ്യമല്ല എന്ന കാരണത്താൽ നടപടികൾ ദീർഘിപ്പിക്കുകയാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | റീസർവ്വേ നടപടികൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇത് എങ്ങനെ പരിഹരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | 21/10/2012 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 409/12/റവന്യൂ പ്രകാരം സംസ്ഥാനത്ത് ഇനിയും റീസർവ്വെ നടത്തുവാനുള്ള പ്രദേശങ്ങളിൽ സർക്കാർ ഭൂമി മാത്രം റീസർവ്വേ നടത്തിയാൽ മതിയെന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ റീസർവ്വേ നടത്താവുന്നതാണെന്നുമാണ് ഉത്തരവായിട്ടുള്ളത്. 31/05/2010 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 200/10/റവന്യൂ പ്രകാരം റിസർവ്വേ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ ഭൂമി സംബന്ധമായ പരാതികളിൽ മേൽ നടപടികൾ സ്വീകരിക്കേണ്ട ചുമതല ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർക്ക് |

നൽകിയിട്ടുണ്ട്. ആയതിനാൽ റവന്യൂ വകുപ്പു മുഖേന നടക്കുന്ന എൽ.ആർ.എം. നടപടികൾക്ക് യാതൊരു തടസ്സവും നേരിടുന്നില്ല.

| | |
|---|---|
| (സി) സ്വന്തം ഭൂമി അളന്ന് അതിരുകൾ തിട്ടപ്പെടുത്തിയ സ്കെച്ച് ഇനിമുതൽ എങ്ങനെയാണ് ഒരു കക്ഷിക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; അടിയന്തിര സ്വഭാവമുള്ള ഇത്തരം ആവശ്യങ്ങൾക്ക് പരിഹാരം കാണുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ വ്യക്തികളുടെ ഭൂമിയും റീസർവ്വേ ചെയ്തു കൊടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ